(ബി) സിനിമയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് വിളിച്ചു ചേർത്ത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇ-ടിക്കറ്റിംഗ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സിനിമാ ചിത്രീകരണത്തിനുള്ള ഏകജാലക സംവിധാനം സുഗമമാക്കുന്നതിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന തുടർ നടപടി സ്വീകരിച്ചുവരുന്നു.

(സി) റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിന് തന്നാണ്ടിലെ ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണത്തിന്റെ ഭാഗമായി ഡിജിറ്റലൈസേഷനുവേണ്ടി ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ടിലെ മറ്റ് ശിപാർശകൾ നടപ്പിലാക്കുന്നതിനുള്ള അധിക ചെലവ് കണക്കാക്കിയിട്ടില്ല.

ജയിലുകൾ ഉൽപ്പാദന-വരുമാന കേന്ദ്രങ്ങൾ

7 (*157) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിലുകളെ ഉൽപ്പാദന-വരുമാന കേന്ദ്രങ്ങളാക്കാൻ പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കാനായി ജയിലുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ-സി) ഇല്ല. ജയിലുകൾ പ്രധാനമായും ശിക്ഷിക്കപ്പെട്ടു വരുന്ന തടവുകാരെ പാർപ്പിച്ച്, അവരെ സ്വഭാവപരിണാമം വരുത്തി നല്ല പൗരന്മാരാക്കി പുറത്തിറക്കുന്നതിന് സഹായിക്കുന്ന സ്ഥാപനങ്ങളാണ്. ശിക്ഷിക്കപ്പെടുന്നവർ കൂടാതെ റിമാന്റ് ചെയ്യപ്പെടുന്നവരും വിചാരണ നേരിടുന്നവരുമായ തടവുകാരും ജയിലുകളിലുണ്ട്. ശിക്ഷിക്കപ്പെട്ടവരുന്ന തടവുകാരോട് മാത്രമേ നിർബന്ധപൂർവ്വം ജോലികളിൽ ഏർപ്പെടണമെന്ന് നിർദ്ദേശിക്കാനാവൂ.

LIBRARY ARCHIVES Kerala Legislative Assembly

ജയിലുകൾ വരുമാനമുണ്ടാക്കാനുള്ള കേന്ദ്രങ്ങളല്ല മറിച്ച് തടവുകാരെ നല്ല പൗരന്മാർ ആക്കുന്നതിനും അവർ പുറത്തിറങ്ങുമ്പോൾ സ്വയം തൊഴിൽ കണ്ടെത്തി ജീവിക്കുന്നതിന് പ്രാപ്തരാക്കുന്നതിനുമുള്ള ലക്ഷ്യത്തിലേക്കാണ് നിയമപരമായി ശ്രദ്ധിക്കുന്നത്. വരുമാന കേന്ദ്രങ്ങളല്ല മറിച്ച് ജയിലുകളിലെ തടവുകാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി ഉണ്ടാകുന്നതാണ് വരുമാനം. തടവുകാരൻ പുറത്തിറങ്ങുമ്പോൾ ആ തടവുകാരന് സ്വന്തമായി തൊഴിൽ ചെയ്ത് ജീവിക്കാൻ ഉതകുന്ന തൊഴിലുകളാണ് ജയിലുകളിൽ തടവുകാരെ പഠിപ്പിക്കുന്നത്. ഇലക്ട്രീഷ്യൻ കോഴ്സ്, പ്ലംബിംഗ് കോഴ്സ്, ബ്യൂട്ടീഷൻ കോഴ്സ്, ഷെഫ്(പാചകവിദ്യ), തെങ്ങുകയറ്റം, ഡ്രൈവിംഗ്, ജെ.സി.ബി. ഓപ്പറേഷൻ, കമ്പ്യൂട്ടർ പരിശീലനം, ടെയിലറിംഗ്, കാർപ്പന്ററി, വീവിംഗ് തുടങ്ങിയവയുടെ പരിശീലനം, പച്ചക്കറി ഉത്പാദനം, വിവിധ ഭക്ഷണസാധനങ്ങളുടെ ഉത്പാദനം മുതലായവയാണ് പരിശീലിപ്പിക്കുന്നത്. അവർക്ക് ജയിലിൽ തൊഴിൽ പരിശീലനങ്ങൾ നൽകുന്നതു കൂടാതെ കൗൺസലിംഗ്, അംഗീകൃത ഗവൺമെന്റിതര സംഘടനകളുടെ ക്ഷേമപ്രവർത്തനങ്ങൾ, യോഗ മുതലായവയും നടത്തുന്നുണ്ട്. ഇത്തരം തൊഴിൽ പരിശീലനം തടവുകാരുടെ മാനസിക സംഘർഷം കുറയ്ക്കുന്നതിനും അതിലൂടെ ജയിൽ വിമോചിതരാകുമ്പോൾ ഒരു തൊഴിൽ ചെയ്യുവാനുള്ള പരിശീലനം ലഭിക്കുന്നതിന് ഇടയാക്കുകയും ചെയ്യും. ആയതിനാലാണ് നിലവിൽ ജോലി ലഭ്യതയുള്ള ഇലക്ട്രീഷ്യൻ, തെങ്ങുകയറ്റം, ഡ്രൈവിംഗ് തുടങ്ങിയ തൊഴിൽ പരിശീലനങ്ങൾ കൂടി ജയിലിൽ നടത്തുന്നത്. ഇത്തരം പരിശീലനങ്ങൾ പൂർത്തിയാക്കുന്നവർക്ക് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകളും നൽകുന്നുണ്ട്.

(ഡി) തടവുകാരുടെ തൊഴിൽ പരിശീലനങ്ങൾ സംബന്ധിച്ച് ഒരു സ്ഥിരമായ രൂപരേഖ ഇല്ല. അതതുവർഷം 'തടവുകാരുടെ ക്ഷേമം' പദ്ധതിപ്രകാരം ലഭിക്കുന്ന ഫണ്ടിൽ, പ്രസ്തുത തൊഴിൽ പരിശീലനങ്ങൾ ഉൾപ്പെടുത്തുകയും ആയവ നടപ്പിലാക്കുകയുമാണ് ചെയ്യുന്നത്. 2014-15 വർഷത്തെ പദ്ധതിയിൽ ഉൾക്കൊള്ളിച്ച് ഇലക്ട്രീഷ്യൻ കോഴ്സ്, പ്ലംബിംഗ് കോഴ്സ്, ബ്യൂട്ടീഷ്യൻ കോഴ്സ്, ഷെഫ് (പാചകവിദ്യ), തെങ്ങുകയറ്റം, ഡ്രൈവിംഗ്, കമ്പ്യൂട്ടർ പരിശീലനം തുടങ്ങിയവയെല്ലാം ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്.

അഴിമതിയും കെടുകാര്യസ്ഥതയും

8 (*158) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സംവിധാനത്തിലും സഹകരണ സ്ഥാപനങ്ങളിലുമുൾപ്പെടെ അഴിമതിയും കെടുകാര്യസ്ഥതയും വർദ്ധിച്ചുവരുന്നുവെന്നും ഇത് നിയന്ത്രിക്കുന്നതിനുള്ള വിജിലൻസ് സംവിധാനങ്ങൾ നിഷ്ക്രിയമായിരിക്കുന്നുവെന്നുമുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly